## 1193

പാലിക്ക യേശുപരാ! പാലിക്ക യേശുപരാ! നീ
പാരിൽ പരമായ് ശോഭിച്ചിടുവാൻ

1 നിൻ സത്യസാക്ഷികളായ് മന്നിൽ പ്രശോഭിക്കുവാൻ
അമലമാം കൃപചൊരിഞ്ഞു നിന്നുടെ
വഴിയിൽ ഞങ്ങളെ നടത്തിയെന്നുമേ

2 കാലാദി ഭേദവശാൽ മാലേതുമേശിടാതെ
നിലയായ് നിന്നു നിൻ വെളിച്ചം ഭൂമിയിൽ
വിളങ്ങിച്ചെപ്പോഴും വർത്തിച്ചിടുവാൻ

3 ആശീർവ്വദിക്ക പരാ! നാശവഴി വെടിഞ്ഞു
നിയതം ഞങ്ങൾ നിൻ വിശുദ്ധവേദത്തെ
പിടിച്ചുകൊണ്ടെന്നും പോർ നടത്തുവാൻ- K.V.S.